പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6108 7.7.2014 ൽ മറുപടിയ്ക്ക്

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച വിവരങ്ങൾ

ചോദ്യം മറുപടി

ശ്രീ.കെ.ശിവദാസൻ നായർ

ശ്രീ.എ.റ്റി.ജോർജ്ജ്

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.പാലോട് രവി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സർവ്വേ നടത്താൻ സാമൂഹ്യ സുരക്ഷാ മിഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ഒരു സെൻസസ് നടത്തുവാൻ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനതലത്തിലും പഞ്ചായത്തു തലത്തിലും നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനും നൂതനമായ പദ്ധതികൾ ഭാവിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുമായാണ് ഈ സെൻസസ് വിവര ശേഖരണത്തിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) ഇവരുടെ എന്തെല്ലാം വിവരങ്ങളാണ് സർവ്വേ മുഖേന ശേഖരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി)<br>1. കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ തരം തിരിച്ചുള്ള കണക്ക് ശേഖരിക്കുക.<br>2. സ്ത്രീ പുരുഷ അനുപാതം മനസിലാക്കുക.<br>3. ആർജിതവും ജന്മനാൽ ഉണ്ടായതുമായ അംഗപരിമിതരുടെ കണക്ക് ശേഖരിക്കുക<br>4. വൈകല്യം ഉണ്ടായതിന്റെ പ്രധാനമായ കാരണങ്ങൾ കണ്ടെത്തുക<br>5. അവരുടെ നിലവിലെ സാമൂഹ്യ സാമ്പത്തിക വിവരം ശേഖരിക്കുക<br>6. അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ളവരുടെയും ലഭിക്കാനുള്ളവരുടെയും തരം തിരിച്ചുള്ള കണക്ക് ശേഖരിക്കുക<br>എന്നിവയാണ് ഈ സെൻസസിന്റെ ലക്ഷ്യങ്ങൾ. |

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി)ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. സെൻസസ് നടത്തുന്ന തിനാവശ്യമായ സഹായങ്ങൾ നൽകാനാണ് ഭരണതലത്തിൽ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ